കേരള സർക്കാർ

സംഗ്രഹം

തെരുവു നായ ശല്യം പരിഹരിക്കുന്നതിനുള്ള ABC പരിപാടിയുടെ നിർവ്വഹണത്തിനായി കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1450/17/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 05/05/2017.

പരാമർശം - 1) 13/12/2016 ലെ സ.ഉ.(ആർ.റ്റി) നം. 3383/2016/ത.സ്വ.ഭ.വ

2) 03/04/2017 ലെ സ.ഉ.(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/04/2017 15.1 നമ്പർ തീരുമാനം.

**ഉത്തരവ്**

തെരുവു നായ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം മൂന്ന് പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനുള്ള എ.ബി.സി. പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തി കുടുംബശ്രീ രൂപീകരിക്കുന്ന എ.ബി.സി. മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തുന്നു.

2. എ.ബി.സി. പരിപാടി നടപ്പിലാക്കുന്നതിനായി ഒരു തെരുവുനായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2100/- (രണ്ടായിരത്തി ഒരുന്നൂറ് രൂപ മാത്രം) കുടുംബശ്രീ ജില്ലാ മിഷന് കൈമാറാവുന്നതാണ്.

3. കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്ററെ ഇത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിക്കുന്നു. കുടുംബശ്രീ മിഷനെ പദ്ധതി ഏജൻസിയായി അംഗീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ ഈ ആവശ്യത്തിനായുള്ള തുക കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർക്ക് മുൻകൂറായി നൽകേണ്ടതാണ്.

4. ഈ പ്രക്രിയയ്ക്ക് ആവശ്യമായ മാറ്റം സുലേഖ സോഫ്റ്റ്‌വെയറിൽ വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും. (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ & ഈ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ